കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കോട്ടത്തറ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.(ഡബ്ള്യു.വൈ.ഡി) .പി1/982/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

തീയതി: 14/02/2019

ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല.

പ്രസിഡണ്ട് ( സെക്രട്ടറി മുഖേന )

കോട്ടത്തറ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : കോട്ടത്തറ ഗ്രാമപഞ്ചായത്ത് – 2017-18സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-3 ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ 3-2, 3-5 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി).പി1/ 982/2018

തിയ്യതി:14/02/2019

വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2017 മുതൽ 31.03.2018 വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീമതി.പി.എസ്.വസന്ത<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.11.2018 മുതൽ<br>01.12.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ കിഷോർ.എ.ജി<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാജി പി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ സമീർ.എം<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജയൻ.പി<br>ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ലീലാമ്മ ജോസഫ് | 01.04.2017മുതൽ 31.03.2018 വരെ |
| വൈസ് പ്രസിഡന്റ് | വി.എൻ ഉണ്ണികൃഷ്ണൻ | 01.04.2017മുതൽ 31.03.2018 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | പ്രീത മനോജ് | 01.04.2017മുതൽ 31.03.2018 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി (ക്ഷേമകാര്യം) | കെ.കെ സരോജിനി | 01.04.2017മുതൽ 31.03.2018 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(ആരോഗ്യം വിദ്യാഭ്യാസം ) | ശോഭ ശ്രീധരൻ | 01.04.2017മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീജിത്ത് കെ | 01.04.2017മുതൽ 31.03.2018 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് | ഇപ്പോഴത്തെ വിലാസം | സ്ഥിരം വിലാസം |
|---|---|---|---|---|
| ശ്രീജിത്ത് കരിങ്ങാളി | സെക്രട്ടറി | 01/04/2017 – 31/03/2018 | സെക്രട്ടറി<br>കോട്ടത്തറ ഗ്രാമപഞ്ചായത്ത് | സദ്ഗമയ<br>മൊടക്കല്ലൂർ പി.ഒ, അത്തോളി<br>കോഴിക്കോട് |
| ശ്രുതി ലക്ഷ്മി | കൃഷി ഓഫീസർ | 01/04/2017 – 31/03/2018 | കൃഷി ഓഫീസർ, വൈത്തിരി ഗ്രാമപഞ്ചായത്ത് | പന്തളത്ത് വീട്, കാക്കവയൽ പി.ഒ<br>വയനാട് |
| ഡോ.ചിത്ര ചന്ദ്രശേഖൻ | സീനിയർ വെറ്ററിനറി സർജൻ | 01/04/2017 – 31/03/2018 | വെറ്ററിനറി സർജ്ജൻ | ഫ്ലാറ്റ് നം 6<br>മൈഹോം |

| | | | | |
|---|---|---|---|---|
| | | | കോട്ടത്തറ | അപ്പാർട്ട്മെന്റ്സ് കൽപ്പറ്റ 673122 |
| ശാന്തമ്മ കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01/04/2017 – 31/03/2018 | ഐ.സി.ഡി.എസ് സൂപ്പർവൈസർ കോട്ടത്തറ ഗ്രാമപഞ്ചായത്ത് | ദേവപ്രഭ മടക്കിമല പി.ഒ കമ്പളക്കാട് |
| ഡോ.അജേഷ്.പി.പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01/04/2017-28/11/2017 | മെഡിക്കൽ ഓഫീസർ മഞ്ചേരി മലപ്പുറം | മെഡിക്കൽ ഓഫീസർ മഞ്ചേരി മലപ്പുറം |
| ഡോ.ഹസ്ന ബീഗം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 28/11/2017-25/01/2018 | ബീച്ച് ഹോസ്പിറ്റൽ കോഴിക്കോട് | ബീച്ച് ഹോസ്പിറ്റൽ കോഴിക്കോട് |
| ഡോ.ദിവ്യ കല.ഡി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 26/01/2018-06/02/2018 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി വെങ്ങപ്പള്ളി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി വെങ്ങപ്പള്ളി |
| ഡോ.ഫിജി പീറ്റർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 06/02/2018-31/03/2018 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി കോട്ടത്തറ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി കോട്ടത്തറ |
| ഡോ.ജെറാൾഡ് ജയകുമാർ | മെഡിക്കൽ ഓഫീസർ( ഹോമിയോ) | 01/04/2017 – 31/03/2018 | മെഡിക്കൽ ഓഫീസർ ഗവ.ഹോമിയോ ഡിസ്പെൻസറി | മഗിഴ്, 7/111/ബി അമ്പുകുത്തി മുട്ടിൽ പി.ഒ |

| | | | | |
|---|---|---|---|---|
| | | | കോട്ടത്തറ | വയനാട് |
| ഡോ.ജീജ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01/04/2017- 09/04/2017 | - | - |
| ഡോ.മുഹമ്മദ് ഷഫീഖ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 09/04/2017 – 14/12/2018 | മെഡിക്കൽ ഓഫീസർ, ഈരാംകൊല്ലി ആയുർവേദ ഡിസ്പെൻസറി<br>കോട്ടത്തറ | മേലേടത്ത് വീട്<br>മേലാറ്റൂർ പി.ഒ<br>മലപ്പുറം<br>679326 |
| ഡോ.സൌമ്യ.ടി.എ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 14-12-2017<br>മുതൽ<br>31-03-2018 | മെഡിക്കൽ ഓഫീസർ, ഗവ ആയുർവേദ ഡിസ്പെൻസറി<br>കങ്ങഴ<br>കാഞ്ഞിരപ്പാറ പി.ഒ<br>കോട്ടയം | തറപ്പതോട്ടി യിൽ<br>കൊളവയൽ<br>മുട്ടിൽ പി.ഒ<br>വയനാട്<br>673122 |
| തങ്കച്ചൻ.ഇ.എ | അസി.എഞ്ചിനീയർ | 01/04/2017 – 31/03/2018 | ഇടത്തുകൈക്കൽ<br>പയ്യമ്പള്ളി.പി.ഒ<br>മാനന്തവാടി | ഇടത്തുകൈക്കൽ<br>പയ്യമ്പള്ളി.പി.ഒ<br>മാനന്തവാടി |
| വിശ്വലത എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01/04/2017 – 31/03/2018 | വി.ഇ.ഒ<br>നെന്മേരി ഗ്രാമപഞ്ചായത്ത്<br>കോളിയോടി - 673592 | ശ്രീമംഗലം വീട്<br>വാകേരി പി.ഒ<br>673592 |

| | | | | |
|---|---|---|---|---|
| | | | | |
| ഉമാദേവി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01/04/2017 – 31/03/2018 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് പിണങ്ങോട് | മണ്ഡലം വീട് കോട്ടത്തറ .പി.ഒ കോട്ടത്തറ |
| കെ.എ.മിനി | അസി.സെക്രട്ടറി | 01/04/2017 – 31/03/2018 | നാപ്പള്ളി വീട് കണിയാമ്പറ്റ പി.ഒ | നാപ്പള്ളി വീട് കണിയാമ്പറ്റ പി.ഒ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | ക്ഷേമപദ്ധതികൾ | 1-7 | |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 | |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 | |

| | | | |
|---|---|---|---|
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-10 | |
| | ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | വാണിജ്യകെട്ടിടത്തിന് വസ്തു നികുതി കുറവായി നിർണ്ണയിച്ചത് ഇടാക്കി അടവാക്കി | 2-1 | |
| 12 | വിഇ.ഒ-യുടെ വിവിധ അക്കൗണ്ടുകളിൽ ചെലവഴിക്കാതെ തുക അവശേഷിക്കുന്നു | 2-2 | |
| 13 | കെട്ടിട നിർമ്മാണ പെർമ്മിറ്റ് ചട്ടങ്ങൾക്ക് അനുസൃതമല്ലാത്ത നിർമ്മിതികൾ നടക്കുന്നു | 2-3 | |
| | ഭാഗം 3 | | |
| 14 | വിവിധ വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടപടി ക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. | 3-1 | |
| 15 | വിതരണം ചെയ്യാത്ത സ്ലൈഡർ ന് തുക നൽകി- 68,695 രൂപ നിരാകരിക്കുന്നു. | 3-2 | |
| 16 | പി.എച്ച്.സി യിലേക്കും പെയിൻ ആന്റ് പാലിയേറ്റീവിനും മരുന്നുകൾ വാങ്ങൽ, മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല. | 3-3 | |
| 17 | ഇ-ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല | 3-4 | |
| 18 | ലൈഫ് മിഷൻ വീടുകളുടെ പൂർത്തീകരണം(പട്ടിക വർഗ്ഗം) | 3-5 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |

| | | | |
|---|---|---|---|
| | | | |
| 19 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 20 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 271 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 22 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 23 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 24 | ഓഡിറ്റ് റിക്കവറി | 4-6 | |
| 25 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 27 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബഡ്ജറ്റ് പഞ്ചായത്ത് തീരുമാന നമ്പർ 5/1 തീയതി 27.03.2017 പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബഡ്ജറ്റ് 28.3.2018 ലെ 1/18 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.18 | 15.5.2018 | - | - |

## 1-3 വാർഷിക കണക്കുളിലെ അപാകതകൾ

അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുൻബാക്കി | 14295997 |
| വരവ് | 111135201 |
| ആകെ | 125431198 |
| ചെലവ് | 87152194 |
| നീക്കിബാക്കി | 38279004 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (ACR പ്രകാരം) | ആകെ | ചെലവ് (AFS) പ്രകാരം | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 11734000 | 11734000 | 9888367 | 1845633 |
| വികസന ഫണ്ട് (എസ്.സി.പി) | | 1087335 | 1087335 | 518000 | 569335 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (ടി.എസ്.പി) | | 13790396 | 13790396 | 9248057 | 4542339 |
| മെയിന്റനൻസ് (റോഡ്) | | 12332000 | 12332000 | 7218017 | 5113983 |
| മെയിന്റനൻസ് (റോഡിതരം) | | 2591000 | 2591000 | 2591000 | 0 |
| ഫിനാൻസ് കമ്മീഷൻഗ്രാന്റ് | | 5511011 | 5511011 | 5511011 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | | 10501927 | 10501927 | 7381531 | 3120396 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 190 | 88685371 | 121 | 44901976 | 0 | 69 | 63.468 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 38 | 45960 |
| കർഷക തൊഴിലാളി പെൻഷൻ | 365 | 3780900 |
| വിധവാ പെൻഷൻ | 660 | 7644000 |
| വാർദ്ധക്യകാല പെൻഷൻ | 1167 | 12572000 |
| വികലാംഗ പെൻഷൻ | 184 | 2163400 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) -)ം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2018 ന് 10.30 am ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. തുകയൊന്നും നീക്കിയിരപ്പില്ല. ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.10.18മുതൽ 27/10/2018വരെ | 2008-09 | 27/10/2018 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/06/2013 മുതൽ 29/06/2013വരെ | 2008/09 മുതൽ 2012-13 | 22/08/2013 | |

## 1-10 ആഭ്യന്തര നിയന്ത്രണം

കൃത്യമായി ഓഫീസ് മീറ്റിങ്ങുകൾ ചേർന്നിട്ടുണ്ട്. ഓഫീസ് ഓർഡർ നൽകിയിട്ടുണ്ട്. ജീവനക്കാരുടെ പ്രവർത്തന അവലോകനം നടത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ ക്ലറിക്കൽ ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടുണ്ട്. തപാൽ വിതരണം കാര്യക്ഷമമാണ്. മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിവിധ സ്റ്റാൻറിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ, കരട് പദ്ധതി നിർദ്ദേശങ്ങളുടെ വിശദമായ ചർച്ച തുടങ്ങിയവ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. കരട് പദ്ധതി നിർദ്ദേശങ്ങൾ ഫോറം 1 ൽ തയ്യാറാക്കി സ്റ്റാൻറിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. വിശദമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യകെട്ടിടത്തിന് വസ്തുനികുതി കുറവായി നിർണ്ണയിച്ചത് ഇടാക്കി അടവാക്കി

കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ ശ്രീ. ഇസ്മയിൽ ടി, തയ്യുള്ളതിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 2-)ം വാർഡിലെ 2/184-A -1മുതൽ A-7 വരെ നമ്പറുകളുള്ള വാണിജ്യ കെട്ടിടകെട്ടിത്തിന് വസ്തുനികുതി കുറവായിട്ടാണ് നിർണ്ണയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| കെട്ടിട പെർമ്മിറ്റ് നം. | A4-5814/15 തിയ്യതി 07.01.16 |
| തറ വിസ്തീർണ്ണം | ആകെ- 212.16 $m^2$ |
| പൂർത്തീകരണ പ്ലാൻ പ്രകാരം തറ വിസ്തീർണ്ണം | തറ നില-97.5 $m^2$ |

| | |
|---|---|
| | ഒന്നാം നില-135.72 $m^2$<br>ആകെ- 233.22 $m^2$ |
| കാർപ്പറ്റ് വിസ്തീർണ്ണം | തറ നില-78 $m^2$<br>ഒന്നാം നില-108.57 $m^2$<br>ആകെ - 186.57 $m^2$ |

14.01.11ലെ സ.ഉ (അ) നം. 20/2011 തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോട്ടത്തറ ഗ്രാമ പഞ്ചായത്ത് പ്രസിദ്ധീകരിച്ച വസ്തുനികുതി വിജ്ഞാപന പ്രകാരം 100ച.മീ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഒരു ചതുരശ്രമീറ്ററിന് 60/- രൂപയാണ്. എന്നാൽ 233.22 $m^2$ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിലെ മുറികൾക്ക് 50/-രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം.12/ 2017-18/ 01.12.2018 ന് മറുപടിയായി ഈ കെട്ടിടത്തിന്റെ വസ്തുനികുതി പുതുക്കി നിർണ്ണയിച്ചുവെന്നും നിർണ്ണയിച്ചതിൽ കുറവ് വന്ന തുക 1546/- രൂപ 43016/1 തിയ്യതി 01.12.18പ്രകാരം അടവാക്കിയെന്നും ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 100 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി നിർണ്ണയിച്ചത് പുനഃപരിശോധിക്കേണ്ടതും നികുതി നിർണ്ണയത്തിൽ ന്യൂനതകൾ ഉണ്ടെങ്കിൽ പരിഹരിക്കേണ്ടതുമാണ്.

## 2-2 അക്കൗണ്ടുകളിൽ ചെലവഴിക്കാതെ തുക അവശേഷിക്കുന്നു

വി.ഇ.ഒ.യുടെ വിവിധ അക്കൗണ്ടുകളിൽ ചെലവഴിക്കാതെ തുക അവശേഷിക്കുന്നു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം | അക്കൗണ്ട് നം | 31.03.18 ലെ ബാലൻസ് (₹) |
|---|---|---|
| 1 | ഇ.എം.എസ് ഭവന പദ്ധതി -002001003047 (കോട്ടത്തറ സർവ്വീസ് സഹകരണബാങ്ക്) | 1,64,314/- |
| 2 | സമ്പൂർണ്ണ ശുചിത്വയജ്ഞം-10607194844 (എസ്.ബി.ഐ കോട്ടത്തറ) | 2,88,596.26/- |
| 3 | പ്ലാൻ അക്കൗണ്ട് -10607196013 (എസ്.ബി.ഐ കോട്ടത്തറ) | 1,36,770.72/- |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി.നം. 11/ 2017-18/ 01.12.2018 ന് മറുപടി ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ അക്കൗണ്ടുകളിൽ ക്രമ നമ്പർ 2, 3 എന്നിവ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല. ആയതിന് വിശദീകരണം നൽകേണ്ടതും വിവിധ ബാങ്ക് അക്കൗണ്ടുകളിൽ ചെലവഴിക്കാതെ കിടക്കുന്ന തുക ബന്ധപ്പെട്ട ഹെഡുകളിൽ തന്നെ തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 കെട്ടിട നിർമ്മാണ പെർമ്മിറ്റ് ചട്ടങ്ങൾക്ക് അനുസൃതമല്ലാത്ത നിർമ്മാണ പ്രവൃത്തികൾ നടക്കുന്നു

ഗ്രാമപഞ്ചായത്തിലെ വിവിധ കെട്ടിടങ്ങളിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമല്ലാത്ത നിർമാമണ പ്രവൃത്തികൾ നടന്നതായി പഞ്ചായത്ത് അധികൃതരോടൊപ്പം 30.11.2018 ൽ നടത്തിയ സ്ഥല പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

1)

| | |
|---|---|
| കെട്ടിട ഉടമസ്ഥൻ/ പെർമ്മിറ്റ് നം. | ശ്രീ. ഇസ്മയിൽ ടി, തയ്യുള്ളതിൽ/A4-5814/15 തിയ്യതി 07.01.16 |
| കെട്ടിട നം. | 2-)ം വാർഡിലെ 2/184-A -1മുതൽ A-7 വരെ നമ്പറുകളുള്ള വാണിജ്യ കെട്ടിടം. |
| തറ വിസ്തീർണ്ണം | 233.22 $m^2$ |
| പൂർത്തീകരണ പ്ലാൻ പ്രകാരം തറ വിസ്തീർണ്ണം | തറ നില-97.5 $m^2$<br>ഒന്നാം നില-135.72 $m^2$<br>ആകെ- 233.22 $m^2$ |
| കാർപ്പറ്റ് വിസ്തീർണ്ണം | തറ നില-78 $m^2$<br>ഒന്നാം നില-108.57 $m^2$<br>ആകെ - 186.57 $m^2$ |
| സ്ഥലപരിശോധനയിൽ കണ്ട അപാകത | 1)പൂർത്തീകരണ പ്ലാനിൽ തറ നിലയിൽ കാണിച്ചിട്ടുള്ള ടോയ് ലറ്റ് നിർമ്മിച്ചിട്ടില്ല.<br>2)പൂർത്തീകരണ പ്ലാനിൽ ഉൾപ്പെടാത്ത 5.6 മീ നീളവും 6.6 മീ. വീതിയുമുള്ള വെട്ട് കല്ലുകൊണ്ട് കെട്ടിയ അലുമിനിയം ഷീറ്റിട്ട കെട്ടിടം ഈ കെട്ടിടത്തോട് ചേർന്ന് നിർമ്മിച്ചിരിക്കുന്നു. |

2)

| | |
|---|---|
| കെട്ടിട ഉടമസ്ഥൻ/പെർമ്മിറ്റ് നം. | ശ്രീ.തോമസ്സ് എം.എം,മരുതാനിക്കൽ, പള്ളിക്കുന്ന്/ A4-2983/12 തിയ്യതി 19.09.13 |
| കെട്ടിട നം. | 4ാം വാർഡിലെ 4/403 മുതൽ 411 വരെയും 411-A മുതൽ 412 വരെ |

| | |
|---|---|
| | നമ്പറുകളുള്ള വാണിജ്യ കെട്ടിടം. |
| തറ വിസ്തീർണ്ണം | 297.36 $m^2$ |
| സെക്രട്ടറി പൂർത്തീകരണ പ്ലാൻ അംഗീകരി ച്ചിട്ടില്ല. പ്ലാനിൽ കാർപ്പറ്റ് വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല. ഫയലിൽ ലഭ്യമായപൂർത്തീകരണ പ്ലാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം | സെല്ലാർ നില- 90$m^2$<br>തറ നില-92.88 $m^2$<br>ഒന്നാം നില-114.48$m^2$<br>ആകെ-297.36 $m^2$ |
| സ്ഥല പരിശോധനയിൽ കണ്ട അപാകത | 1)പൂർത്തീകരണ പ്ലാനിൽ തറ നിലയിൽ കാണിച്ചിട്ടുള്ള പാർക്കിംഗ് സ്ഥലത്ത് അധിക കൂട്ടി ചേർക്കലുകൾ വരുത്തിയിട്ടുള്ളതിനാൽ നിലവിൽ വാഹനം പാർക്ക് ചെയ്യാൻ സാധിക്കുകയില്ല.<br>2)പൂർത്തീകരണ പ്ലാനിൽ പ്ലോട്ടിന്റെ പുറക് വശത്തായി കാണിച്ചിട്ടുള്ള പാർക്കിംഗ് സ്ഥലത്തേ ക്കുള്ള പ്രവേശന മാർഗ്ഗം കമ്പി വേലി കെട്ടി അടച്ചിരിക്കുന്നു. |

ആയതിന്മേൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 അധ്യായം 22 ചട്ടം 135 മുതൽ 138 വരെയുള്ള നടപടികൾ എടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ അനധികൃത കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന് യഥാസമയം പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടപടി ക്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

5,00,000/- രൂപ അടങ്കലുള്ള ഹെഡ്മാസ്റ്റർ നടപ്പാക്കിയ ചുവടെ പറയുന്ന പ്രോജക്ടുകളിൽ ഇ-ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല.

| ക്രമ. നം. | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽനം/ തിയ്യതി |
|---|---|---|---|---|---|
| 1 | 122/18 | വിദ്യാർത്ഥികൾക്ക് കുട,ബാഗ്, ചെരുപ്പ് വിതരണം (ടി.എസ.പി) | 5,00,000 | 3,33,505 | 11/17-18/ 29.03.18 |
| 2 | 120/18 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം(ടി.എസ.പി) | 5,00,000 | 4,94,120 | 8/17-18/ 22.3.18 |

സ.ഉ.(എം.എസ്.).13/15/ITD തിയ്യതി 12.05.15 പ്രകാരം അഞ്ച് ലക്ഷം മുതൽ അടങ്കൽ തുക വകയിരുത്തിയ പദ്ധതികളിലെ വാങ്ങലുകൾ ഇ-ടെണ്ടർ മുഖേന മാത്രമേ നടപ്പാക്കാവൂ. എന്നാൽ ഇത് പാലിക്കാതെ പദ്ധതി നടപ്പാക്കി. ഇ/ടെണ്ടറുകൾ സ്വീകരിക്കാത്തതിന് ഓഡിറ്റ് അന്വേഷണ (നം.2/27.11.18)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-2 വിതരണം ചെയ്യാത്ത സ്ലൈഡറിന് തുക നൽകി- 68,695 രൂപ നിരാകരിക്കുന്നു.

വിതരണം ചെയ്യാത്ത സ്ലൈഡറുകൾക്ക് ഐ.സി.ഡി.എസ് സൂപ്പർവൈസർ തുക നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S- 95/18 |
| പ്രോജക്ട്. | കളിപ്പെട്ടി- അങ്കണവാടികളുടെ സമഗ്ര വികസനം |
| അടങ്കൽ | ₹4,00,000/- (വികസന ഫണ്ട്- ജനറൽ) |
| ചെലവ് ബിൽ നം/തിയ്യതി | 27/17-18/28.03.18 – ₹ 3,94,185/- |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഗ്രാമ പഞ്ചായത്തിലെ വിവിധ അങ്കണവാടികളിൽ കളിയുപകരണങ്ങളായ സ്ലൈഡർ, മെറി-ഗോ-റൗണ്ട് എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി പ്രകാരം 25 കളിയുപകരണങ്ങൾ യൂണിറ്റിന് 20,600/- രൂപ നിരക്കിൽ വാങ്ങുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കളേഴ്സ് ഗിഫ്റ്റ്സ്, കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും 12.03.18 ലെ 12(1)/18 നം തീരുമാനം പ്രകാരം മെറി-ഗോ-റൗണ്ട് ന് 16,440/- രൂപയും സ്ലൈഡറിന് 6,245/- രൂപയും രേഖപ്പെടുത്തിയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 21 എണ്ണം സ്ലൈഡറും 16 മെറിഗോറൗണ്ടും വിതരണം ചെയ്തതിന് സ്ഥാപനത്തിന് തുക നൽകി. ലഭിച്ച ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുകയും വിവിധ

അങ്കണവാടികളിൽ വിതരണം ചെയ്യുകയും അങ്കണവാടി ടീച്ചർമാർ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. 27.11.2018 ൽ നടത്തിയ സ്ഥലപരിശോധനയിൽ അങ്കണവാടികളിൽ മെറി-ഗോ-റൗണ്ട് സ്ഥാപിച്ചതായി കണ്ടു. എന്നാൽ സ്ലൈഡർ സ്ഥാപിച്ചതായി കാണാൻ സാധിച്ചിട്ടില്ല. 10 എണ്ണം സ്ലൈഡർ കരിങ്കുറ്റി കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചിട്ടുണ്ട്. വിതരണം ചെയ്യാത്ത 21 കളിയുപകരണങ്ങൾ കൈപ്പറ്റിയതായി രേഖപ്പെടുത്തിയതും വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ തുക നൽകിയതും നിയമ വിരുദ്ധമാണ്. സ്ഥാപിച്ച ഉപകരണത്തിൽ ഏത് തദ്ദേശ സ്ഥാപനത്തിൽ നിന്നും ഏത് വർഷം ലഭിച്ചതാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാരനുമായി ചമച്ച എഗ്രിമെന്റ് വ്യവസ്ഥ 6(b) പ്രകാരം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടാൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം സമയബന്ധിതമായി ലഭ്യമാക്കാത്ത 11 സ്ലൈഡറുകളുടെ വില 68,695/- (6245x11) രൂപ ഓഡിറ്റിൽ നിരാകരിക്കുകയും ലഭ്യമാക്കിയ ഉപകരണങ്ങളിൽ വിതരണം ചെയ്യാത്ത 10 എണ്ണത്തിന്റെ വില 62,450/- രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. വിതരണം ചെയ്യാത്ത ഉപകരണങ്ങൾക്കും തുക മാറി കരാറുകാരന് നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. വിതരണം ചെയ്ത കളിയുപകരണങ്ങൾ സ്ഥാപിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-3 പി.എച്ച്.സി യിലേക്കും പെയിൻ ആന്റ് പാലിയേറ്റീവിനും മരുന്നുകൾ വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിൽ മരുന്ന് വിതരണം നടത്തുന്നതിനായി താഴെപ്പറയുന്ന തുക ചെലവഴിച്ചിട്ടുണ്ട്.

I)

| | |
|---|---|
| പ്രോജക്ട് നം. | 41/2018 |
| പ്രോജക്ട്. | പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹50,000/- (മെയിന്റനൻസ് ഫണ്ട് ( റോഡിതരം)) |
| ചെലവ് | ₹3,94,185/- |
| ബിൽ നം/തിയ്യതി | 10/17-18 /28.02.18 – ₹50,000/- |

തുക മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ഒടുക്കിയിട്ടുണ്ട്. ആകെ 15976 രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. 34,024/- രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്.

II)

| | |
|---|---|
| പ്രോജക്ട് നം. | 42/2018 |
| പ്രോജക്ട്. | പെയിൻ ആന്റ് പാലിയേറ്റീവ് |
| അടങ്കൽ | ₹4,15,000/- (വികസന ഫണ്ട്) |
| ചെലവ് | ₹3,94,185/- |
| ബിൽ നം/തിയ്യതി | 04/17-18 /19.12.2017 – ₹45,400/- |

പെയിൻ ആന്റ് പാലിയേറ്റീവിന് വകയിരുത്തിയ തുകയിൽ 45,400/- രൂപ മരുന്നുകൾ വിതരണം നടത്തുന്നതിനായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ഒടുക്കിയിട്ടുണ്ട്. ആകെ 31,129/- രൂപയുടെ

മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. 14,271/- രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6 തീയതി 01.12.2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 3-4 ഇ-ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല

. .പൊതുമരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട് 34 പ്രവർത്തികൾക്ക് 2017-18 കാലയളവിൽ അസി. എഞ്ചിനീയർ ഇ-ടെണ്ടർ വിളിച്ചിട്ടുണ്ട്. പ്രസ്തുത ടെണ്ടർ ഫോറത്തിന്റെ വിലയായ 88,867/- രൂപ പിരിച്ചെടുത്തത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. തുക ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ല. എത്രയും വേഗം, ഇ-ടെണ്ടർ വരവുകൾ ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കി അറിയിക്കേണ്ടതാണ്.

. .

## 3-5 ലൈഫ് മിഷൻ - വീടുകളുടെ പൂർത്തീകരണം.

തൻവർഷം വി.ഇ.ഒ യും ടി.ഇ.ഒ. എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ ലൈഫ് മിഷൻ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ നടത്തിപ്പിൽ പല അപാകതകളും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

എ) വി.ഇ.ഒ. നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം.

| | |
|---|---|
| പ്രോജക്ട് നം. | 118/18 |
| പ്രോജക്ടിന്റെ പേര് | ലൈഫ് മിഷൻ ഭവന പദ്ധതി പൂർത്തീകരണം (എസ്.ടി.) |
| അടങ്കൽ | 26,30,210/- |
| ഫണ്ട് വിവരം | ടി.എസ്.പി. |
| ചെലവ് | 20,48,250/-<br>1)ബിൽ.നം.- 04/17-18-26.02.18 -1470000/-<br>2) ബിൽ.നം.- 06/17-18-19.03.18-5,78,250/- |

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

(1) ഒ.ഡി.എഫ് -ൽ ശുചിമുറിക്ക് തുക അനുവദിച്ചവർക്ക് ലൈഫ് മിഷൻ പ്രകാരം വീണ്ടും ധനസഹായം നൽകുന്നു.

ഒ.ഡി.എഫ് -ൽ ശുചിമുറിക്ക് തുക അനുവദിച്ച ഗുണഭോക്താക്കൾക്ക് വീണ്ടും ലൈഫ് മിഷൻ പണിതീരാത്ത വീടുകളുടെ പൂർത്തീകരണത്തിനും ശുചിമുറിക്ക് തുക എസ്റ്റിമേറ്റിൽ വകയിരുത്തി നൽകിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

| ക്രമ | ഗുണഭോക്താവിന്റെ | ഒ.ഡി.എഫ് -ൽ തുക |
|---|---|---|

| നം. | പേര്/ ലൈഫ് മിഷൻ ഐ.ഡി.നം | അനുവദിച്ചതിന്റെ വിശദാംശം- |
|---|---|---|
| 1 | ലീല കേളു എം.കെ , മല്ലിശ്ശേരി/7279 | ചെക്ക് നം.456624 തിയ്യതി 23.09.16-15,400/- |
| 2 | ഓണത്തി ചണ്ടി ,മാതോത്ത് കുന്ന്/13462 | ചെക്ക് നം.114992 തിയ്യതി 17.11.2016-15,400/- (30.11.18 ന് നടത്തിയ സ്ഥല പരിശോധനയിൽ ഒ.ഡി.എഫ് -ൽ അനുവദിച്ച കക്കൂസ്സ് കണ്ടു.) |
| 3 | വെള്ളി ചൂരിമൂലകുന്ന് കോളനി/13503 | ചെക്ക് നം.115041 തിയ്യതി 14.12.2016-15,400/-, അധിക വിഹിതം- ചെക്ക് നം.864299 6600/- (30.11.18 ന് നടത്തിയ സ്ഥല പരിശോധനയിൽ<br>ഒ.ഡി.എഫ് -ൽ അനുവദിച്ച കക്കൂസ്സ് കണ്ടു.) |
| 4 | നായ്ക്കൻ തുപ്പരിമൂല/11395 | ചെക്ക് നം.114982 തിയ്യതി 05.11.2016-15,400/- |

ഒ.ഡി.എഫ് -ൽ ശുചിമുറിക്ക് തുക അനുവദിച്ചവർക്ക് വീണ്ടും ലൈഫ് മിഷൻ പണിതീരാത്ത വീടുകളുടെ പൂർത്തീകരണത്തിനും ശുചിമുറിക്ക് തുക എസ്റ്റിമേറ്റിൽ വകയിരുത്തി നൽകുന്നത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

2. ഇ.എം.എസ് ഭവന പദ്ധതിയിൽ ചെയ്ത പ്രവർത്തിക്കൾക്ക് ലൈഫ് മിഷൻ ഭവന പൂർത്തീകരണം പദ്ധതിയിൽ വീണ്ടും തുക നൽകുന്നു.

ഇ.എം.എസ് ഭവന പദ്ധതിയിൽ പണി പൂർത്തീകരിക്കാത്ത വീടുകൾക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനുള്ള എസ്റ്റിമേറ്റിലും മുൻപ് ചെയ്ത പ്രവർത്തികൾക്ക് കൂടി തുക വകയിരുത്തുകയും തുക അനുവദിക്കുകയും ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/ ലൈഫ് മിഷൻ ഐ.ഡി.നം | ഇ.എം.എസ് ഭവന പദ്ധതിയിൽ വീടിന്റെ അവസ്ഥ | ലൈഫ് മിഷനിലെ എസ്റ്റിമേറ്റിന്റെ വിശദാംശം |
|---|---|---|---|
| 1 | പാറ്റ നായ്ക്കൻ, പാലപൊയിൽ/11048 | ഭിത്തി പൂർത്തിയായി.<br><br>തുടർ പ്രവർത്തികൾക്ക് 30,000/-രൂപ നൽകുന്നു. അവസാനം നൽകിയതടക്കം<br><br>ഇ.എം.എസ് ഭവന പദ്ധതിയിൽ 21.10.11 വരെ 70,000/- രൂപ നൽകി. | എസ്റ്റിമേറ്റ്- 6,00000/-. തറ പണി തൊട്ട് ചെയ്യണം. 2017-18 ൽ 50,000/- രൂപ നൽകി( മുൻകൂർ). (ബിൽ നം.4/17-18 /26.02.18)<br><br>(ഫയലിൽ ലഭ്യമായ ഫോട്ടോ പ്രകാരം ഇ.എം.എസ് ഭവന പദ്ധതിയിൽ പണിത വീടിന്റെ പഴയ ഭിത്തിയുടെ മുക ളിലാണ് ലിന്റൽ നിർമ്മിച്ചിട്ടുള്ളത്). |
| 2 | ലീല പാലപ്പൊയിൽ കോളനി | ഭിത്തി പൂർത്തിയായി. തുടർ പ്രവർത്തികൾക്ക് 30,000/-രൂപ നൽകുന്നു. | എസ്റ്റിമേറ്റ്- 6,00000/-.തറ പണി തൊട്ട് ചെയ്യണം. 2017-18 ൽ 50,000/- രൂപ നൽകി (മുൻകൂർ) |

| | | | |
|---|---|---|---|
| | | അവസാനം നൽകിയതടക്കം<br>ഇ.എം.എസ് ഭവന പദ്ധതിയിൽ 17.06.11 വരെ 70,000/- രൂപ നൽകി. | (ബിൽ നം.4/17-18 /26.02.18)<br>(ഫയലിൽ ലഭ്യമായ ഫോട്ടോ പ്രകാരം പഴയ തറയും നിലവിലെ തറയും വേറെ വെറെ സ്ഥലത്താണ്.) 30.11.18 ന് നടത്തിയ സ്ഥല പരിശോധനയിൽ പഴയ തറയും നിലവിലെ തറയും വേറെ വെറെ സ്ഥലത്താണെന്ന് ബോധ്യമായി. |
| 3 | ഓണത്തി ചണ്ടി, മാതോത്ത് കുന്ന് | ഭിത്തി പൂർത്തിയായി. തുടർ പ്രവർത്തികൾക്ക് 30,000/-രൂപ നൽകുന്നു. അവസാനം നൽകിയതടക്കം<br>ഇ.എം.എസ് ഭവന പദ്ധതിയിൽ 12.10.10 വരെ 70,000/- രൂപ നൽകി. | എസ്റ്റിമേറ്റ് 5,84000/-. തറ പണി തൊട്ട് ചെയ്യണം. 2017-18 ൽ 50,000/- രൂപ നൽകി( മുൻകൂർ)<br>(ബിൽ നം.4/17-18 /26.02.18) |
| 4 | വെള്ളി ചൂരിമൂലകുന്ന് കോളനി | ഭിത്തി പൂർത്തിയായി. തുടർ പ്രവർത്തികൾക്ക് 30,000/-രൂപ നൽകുന്നു. അവസാനം നൽകിയതടക്കം | ഭിത്തി മുതൽ.<br>എസ്റ്റിമേറ്റ്- 417687/-. 2017-18 ൽ 70,000/- രൂപ നൽകി( മുൻകൂർ)<br>(ബിൽ നം.4/17-18 /26.02.18) |

| | | | |
|---|---|---|---|
| | | ഇ.എം.എസ് ഭവന പദ്ധതിയിൽ 04.10.10 വരെ 70,000/- രൂപ നൽകി. | |
| 5 | നായ്ക്കൻ ഉപ്പരിമൂല | ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ ഭിത്തി പണി പൂർത്തിയായി.<br>29.03.11വരെ 40,000/-രൂപ നൽകി.( എന്നാൽ ലൈഫ് മിഷൻ ഗുണഭോക്തൃലിസ്റ്റ് പ്രകാരം ഇ.എം.എസ് ഭവന പദ്ധതിയിൽ 1,00000/-രൂപ നൽകിയിട്ടുണ്ട്) | എസ്റ്റിമേറ്റ് മൺ പണി മുതൽ 2017-18 ൽ 50,000/- രൂപ നൽകി.<br>(ബിൽ നം.4/17-18 /26.02.18) |
| 6 | ശേഖരൻ,പാലപ്പൊയിൽ കോളനി | ഭിത്തി പണി പൂർത്തിയായി.<br>09.02.2010 വരെ 40,000/- രൂപ നൽകി. | എസ്റ്റിമേറ്റ്- 5,50,000/-<br>മൺ പണി തൊട്ട്. ഫയലിൽ ലഭ്യമായ ഫോട്ടോ പ്രകാരം ലൈഫ് മിഷനിൽ പണിത വീടിന്റെ ഭിത്തിയുടെ കുറെ ഭാഗം പഴയതാണ്.<br>എസ്റ്റിമേറ്റ് മൺ പണി മുതൽ 2017-18 ൽ 50,000/- രൂപ നൽകി. |

| | | | |
|---|---|---|---|
| | | | (ബിൽ നം.4/17-18 /26.02.18) |

ഇ.എം.എസ് ഭവന പദ്ധതിയിൽ ചെയ്ത പ്രവർത്തിക്കൾക്ക് വീണ്ടും ലൈഫ് മിഷൻ പദ്ധതി എസ്റ്റിമേറ്റിൽ തുക വകയിരുത്തി നൽകുന്നത് ശരിയല്ല. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു

3.അർഹതയില്ലാത്ത ഗുണഭോക്താവിന് ലൈഫ് മിഷനിൽ ആനുകൂല്യം നൽകി.

ശ്രീമതി രാധാ പാടിയോട്ട് കുന്ന് കോളനി എന്ന ഗുണഭോക്താവിന് വാസയോഗ്യമായ വീടുണ്ടെന്ന് ബോധ്യമായതിനാൽ വീടിനുള്ള അപേക്ഷ നിരസിച്ചതായി 19.08.17 ലെ ലൈഫ് മിഷൻ സ്ക്രൂട്ടണി &അപ്പീൽ കമ്മിറ്റി മിനിട്സ് പേജ് (29) ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താവിന് ലൈഫ് മിഷനിൽ വീടിന് 28.05.18 വരെ 5,30,000/- അനുവദിച്ചിട്ടുണ്ട്.

ലൈഫ് മിഷൻ ഭവന പൂർത്തീകരണം പദ്ധതിയിൽ 22.01.2018നാണ് കരാർ വെച്ചിട്ടുള്ളത്. അപേക്ഷയിൽ വീടിന്റെ നിലവിലെ അവസ്ഥ നാശമായ തറ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഫയലിൽ ലൈഫിൽ ഭവന പൂർത്തീകരണത്തിനുള്ള എസ്റ്റിമേറ്റ്,സ്റ്റേജ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമല്ല. ഫയലിൽ ലഭ്യമായ ഫോട്ടോ പ്രകാരം വീട് പണി പൂർത്തീകരിച്ചിട്ടുണ്ട്. വീടിന് 5,54,000/-രൂപയാണ് വാല്യൂവേഷൻ നൽകിയിട്ടുള്ളത്. വാസയോഗ്യമായ വീടുള്ള വ്യക്തിക്ക് വീണ്ടും ആനുകൂല്യം നൽകിയിട്ടുണ്ട്. ഈ ഗുണഭോക്താവിന് 2017-18 വർഷം 50,000/- രൂപ ( ട്രഷറി ബിൽ.നം.04/17-18 തിയ്യതി 26/02/2018) നൽകിയിട്ടുണ്ട്. ആയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. മേൽപ്പറഞ്ഞ പ്രകാരം അനർഹരായവരെ വിവിധ ലൈഫ് മിഷൻ ഭവന പൂർത്തീകരണം പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ തുക തിരികെ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് 01/12/2018 ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/17/18, 8/17/18, 9/17-18, 10/17-18)മറുപടി ലഭ്യമാക്കിയില്ല.

ബി) ടി.ഇ.ഒ. നടപ്പിലാക്കിയട പദ്ധതി

| | |
|---|---|
| പ്രോജക്ട് നം. | 216/18 |
| പ്രോജക്ടിന്റെ പേര് | ലൈഫ് മിഷൻ ഭവന പദ്ധതി പൂർത്തീകരണം (എസ്.ടി.) |
| അടങ്കൽ | 20,81,960/- രൂപ |
| ഫണ്ട് വിവരം | ടി.എസ്.പി. |
| ചെലവ് | 10,40,000/- രൂപ<br><br>ബിൽ.നം.- 01/17-18 തിയ്യതി |

| | 22/03/2018 |
|---|---|

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങളില്ല.

I)ഗുണഭോക്താക്കളുടെ മുൻപ് ആനുകൂല്യം നൽകിയതിന്റെ വിവരങ്ങൾ (ഏത് പദ്ധതിയിലാണ് ആനുകൂല്യം നൽകിയത്, ആയതിന്റെ ചെക്ക് നം,തുക,തിയ്യതി സ്റ്റേജ് സർട്ടിഫിക്കറ്റ് എന്നിവ)

II) ലൈഫ് മിഷൻ പദ്ധതിയിലേക്ക് ഗുണഭോക്താവിനെ തിരഞ്ഞെടുക്കുമ്പോഴുള്ള വീടിന്റെ അവസ്ഥ( വീടിന്റെ ഫോട്ടോ, ഗുണഭോക്താവിന്റെ അപേക്ഷ, ആയതിൻ മേലുള്ള ടി.ഇ.ഒ യുടെ ശുപാർശ എന്നിവ)സംബന്ധിച്ചുള്ള രേഖകൾ.

III)ലൈഫ് മിഷൻ പദ്ധതിയിൽ തുക നൽകിയതിന്റെ വിശദാംശങ്ങൾ ( ട്രഷറി ബിൽ നം.തുക, തിയ്യതി, ചെക്ക് നം., തുക,തിയ്യതി,സ്റ്റേജ് സർട്ടിഫിക്കറ്റ്, ഓരോ സ്റ്റേജിലുമുള്ള വീടിന്റെ ഫോട്ടോ എന്നീ വിവരങ്ങൾ).

2. ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ഒ.ഡി.എഫ് – ൽ ശുചിമുറിക്ക് തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/ ലൈഫ് മിഷൻ ഐ.ഡി.നം. | ഒ.ഡി.എഫ് -ൽ തുക അനുവദിച്ചതിന്റെ വിശദാംശം |
|---|---|---|
| 1 | കേളു കള്ളിപ്പാറ/14709 | ചെക്ക് നം.456562 തിയ്യതി 17.08.16-15,400/- |
| 2 | ചന്തു അണ്ണൻ, മാത്തിരിക്കൽ/18451 | ചെക്ക് നം.114954/05.11.16 15,400/- |
| 3 | കരിക്ക വെള്ളി, കല്ലുമൊട്ടം കുന്ന് കോളനി/18547 | ചെക്ക് നം.114994തിയ്യതി 21.11.16- 15,400/- |

ഒ.ഡി.എഫ് -ൽ ശുചിമുറിക്ക് തുക അനുവദിച്ചവർക്ക് വീണ്ടും ലൈഫ് മിഷൻ പദ്ധതി പ്രകാരം ശുചിമുറിക്ക് തുക എസ്റ്റിമേറ്റിൽ വകയിരുത്തി. തുക അനുവദിച്ചതിനെതിരെ നടപടിയെടുത്ത് അറിയിക്കേണ്ടതാണ്. പദ്ധതിയിൽ ഉൾപ്പെട്ട മറ്റ് ഗുണഭോക്താക്കൾക്കാർക്കെങ്കിലും മേൽപ്പറഞ്ഞ രീതിയിൽ അനർഹമായി തുക നൽകിയിട്ടുണ്ടോ എന്നു കൂടി പരിശോധിച്ച്, ഉണ്ടെങ്കിൽ നടപടിയെടുത്ത് അറിയിക്കേണ്ടതാണ്. മേൽപ്പടി പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15/17-18 തിയ്യതി 01/12/2018) മറുപടി ലഭിച്ചിട്ടില്ല.

ടി.ഇ.ഒ., വി.ഇ.ഒ. എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ മേൽപ്പടി പ്രോജക്ടുകളിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ -

ലൈഫ് മിഷൻ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ലൈഫ്മിഷൻ മാർഗ്ഗ നിർദ്ദേശങ്ങൾ

പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1)ജി.ഒ(എം.എസ്.) നം. 196/2017/തസ്വഭവ തിയ്യതി 11.10.17 ഖണ്ഡിക IV പ്രകാരം ഗുണഭോക്താക്കളുടെ വീട് അഞ്ച് അംഗ ഉപസമിതി സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയത് വാർഡ്തല കർമ്മസമിതി അംഗീകരിക്കേണ്ടതുമാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

2) മേൽ പരാമർശിച്ച ഉത്തരവ് ഖണ്ഡിക VI പ്രകാരം ഗുണഭോക്താക്കളുടെ എസ്റ്റിമേറ്റ് ടി.പി.ടി.എ തയ്യാറാക്കേണ്ടതും ആയത് സ്ഥാപനതല കർമ്മസമിതി അംഗീകരിച്ച് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയതിൽ ഭരണസമിതി അന്തിമ തീരുമാനം കൈകൊള്ളേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

3) ജി.ഒ(എം.എസ്)നം.151/2017/തസ്വഭവ തിയ്യതി 31.07.17 പ്രകാരം അന്തിമ ഗുണഭോക്തൃ പട്ടിക ഗ്രാമ പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെങ്കിലും പ്രസിദ്ധികരിച്ചില്ല.

4) ജി.ഒ.(എം.എസ്.) നം. 196/2017/തസ്വഭവ തിയ്യതി 11.10.17 പ്രകാരം രൂപീകരിച്ച ഭവന നികുതി അക്കൗണ്ടിന്റെ വിശദാംശം (അക്കൗണ്ട് നം.,2017-18 കാലയളവിൽ ലഭിച്ച തുക) ഓഡിറ്റിന് ഹാജരാക്കിയില്ല.

മേൽ അപാകതകൾ കണക്കിലെടുത്ത് 30,38,250/-രൂപ (പ്രോജക്റ്റ് നം. 118/18 തുക 19,98,250/- രൂപ +പ്രോജക്റ്റ് നം. 216/18 തുക 10,40,000/- ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പരാമർശം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 542000 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 542000 | |
| ജില്ലാ പഞ്ചായത്ത് | 75000 | പാലിന് സബ്സിഡി | 75000 | |

സംയുക്ത പ്രോജക്ടുകളുടെ വിശദവിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം1 തീയതി 22.11.2018 ന് നൽകിയ മറുപടിയിലെ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 547500/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും 617000 രൂപയും സംയുക്ത പ്രോജക്ടുകൾക്കുള്ള മേൽ തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതമായി ലഭിച്ചിട്ടുണ്ട്. കൂടാതെ വാർഷിക കണക്ക് ബാലൻഷീറ്റ് (ഷെഡ്യൂൾ ബി.4) പ്രകാരം ജില്ലാപഞ്ചായത്ത് വിഹിതമായി 16190 രൂപയും (കോഡ് നം.320700105) 260500 രൂപയും (കോഡ് നം.320700205) ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 195600/- രൂപയും (കോഡ് നം.320700204) നീക്കിയിരിപ്പായുണ്ട്. വാർഷിക കണക്കുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച വരവു ചെലവു തുകകളും നീക്കിയിരിപ്പ് തുകകളും ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നൽകിയ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത്

സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തി യുടെ പേര് | വൗച്ചർ/ചെക്ക് നമ്പർ | മുൻകൂർ നല്കിയതുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| --ഇല്ല-- | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. തീയ്യതി | വായ്പ തുക | തൻവർഷ വരവ് | തിരിച്ചടയ്ക്കാനുള്ള മുൻ ബാക്കി | തൻ വർഷം അടച്ചത് | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| 1 | ഇ.എം.എസ് ഭവന വായ്പ | 06/2/2010 സ.ഉ(സാധാ) നം.428/2010 ത.സ്വ.ഭ.വ തിരുവനന്തപുരം 06/02/2010 | 7000000 | | 1017023 | 83073 | 933950 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 11,11,35,201 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,71,52,194 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,18,695 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 31,00,700 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 68,695/- | ശാന്തമ്മ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-5എ(3) | | 50,000/- | വിശ്വലത എൽ.വി.ഇ.ഒ. |
| | ആകെ | 1,18,695 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 62,450/- | ശാന്തമ്മ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-5(എ) | 19,98,250/- | വിശ്വലത എൻ ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-5(ബി) | 10,40,000/- | ഉമാദേവി, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 31,00,700/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

()

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖ.നം | പേര്,തസ്തിക | ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 3-2 | ശാന്തമ്മ.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കോട്ടത്തറ ഗ്രാമ പഞ്ചായത്ത് | ദേവപ്രഭ മടക്കിമല പി.ഒ കമ്പളക്കാട് |
| 3-3 | ഡോ.ഫിജി പീറ്റർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി,കോട്ടത്തറ | |
| 3-5 | വിശ്വലത എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നെന്മേനി ഗ്രാമപഞ്ചായത്ത് | ശ്രീമംഗലംവീട് വാകേരി പി.ഒ 673592 |
| 3-9 | ഉമാദേവി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, പിണങ്ങോട് | മന്ദലം വീട് കോട്ടത്തറ.പി.ഒ കോട്ടത്തറ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1985-86 | നം.എൽ.എഫ്.(ഡബ്ല്യൂ)പി1-721/08തീയ്യതി-28.07.08 | - |
| 1986-87 | നം.എൽ.എഫ്.(ഡബ്ല്യൂ)പി1-721/08(5) തീയ്യതി-28.07.08 | - |
| 1990-91,91-92 | നം.എൽ.എഫ്.(ഡബ്ല്യൂ)പി2-101/95 തീയ്യതി-22.10.97 | - |
| 1996-97 | നം.എൽ.എഫ്.(ഡബ്ല്യൂ)പി1-37/07 തീയ്യതി-08.03.07 | - |
| 1997-98 | നം.എൽ.എഫ്.(ഡബ്ല്യൂ)പി3-44/07, തീയ്യതി-07.05.05 | - |
| 1998-99 | നം.എൽ.എഫ്.(ഡബ്ല്യൂ)പി1-35/07, തീയ്യതി-28.02.2006 | - |
| 1999-00 | നം.എൽ.എഫ്.(ഡബ്ല്യൂ)പി3-246/01, തീയ്യതി-18.03.01 | - |
| 2000-01 | നം.എൽ.എഫ്.(ഡബ്ല്യൂ)പി1-528/04 തീയ്യതി-04.05.05 | - |
| 2001-02 | നം.എൽ.എഫ്.(ഡബ്ല്യൂ)പി3-101/04, തീയ്യതി-02.09.04 | - |
| 2001-02 | നം.എൽ.എഫ്.(ഡബ്ല്യൂ)പി3-525/06, തീയ്യതി 12.03.08 | - |
| 2002-03 | നം.എൽ.എഫ്.(ഡബ്ല്യൂ)പി3-524/06 തീയ്യതി-13.02.08 | - |

| | | |
|---|---|---|
| 2003-04 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-308/07, തീയ്യതി-13.02.08 | - |
| 2004-05 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-222/07 തീയ്യതി-02.04.09 | - |
| 2005-06 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-740/07 തീയ്യതി-11.06.08 | - |
| 2006-07 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-564/09 തീയ്യതി-05.12.09 | - |
| 2007-08 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-669/09 തീയ്യതി-11.01.10 | - |
| 2008-09 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-570/12 തീയ്യതി-19.09.12 | - |
| 2009-10,10-11 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-570/12 തീയ്യതി-19.09.12 | - |
| 2012-13 | നം.എൽ.എഫ്.(ഡബ്ള്യൂ)പി.4-100/2015, തീയ്യതി-21.03.15 | - |
| 2013-14 | നം.കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി)പി4-145/2015 തീയ്യതി. 21.03.15 | - |
| 2015-16 | നം.കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി)പി4-673/16 തീയ്യതി 07.10.16 | - |
| 2016-17 | നം.കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി)പി4- തീയ്യതി | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്, കൽപ്പറ്റ.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/

2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തി യിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
വയനാട്, കൽപ്പറ്റ.

## അനുബന്ധം - 2

## വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി2-568/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി : 28/06/2018

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്.

   അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്)

   പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ-എന്നിവ വാർഷികക്കണക്കുകളോടൊപ്പം ഇല്ല.

2. WGDP ഫണ്ട്-Ac.no.32913831170 ,9.3.18 ന് ക്ലോസ് ചെയ്തിരുന്നു. എന്നാൽ ഷെഡ്യൂൾ RP-40b

പ്രകാരമുള്ള നീക്കിയിരിപ്പിൽ പ്രസ്തുത അക്കൌണ്ടിൽ 1361 രൂപ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു. കൂടാതെ Ac.no.37583112311ൽ നീക്കിയിരിപ്പ് 5785 ന് പകരം 4422 എന്നാണ് ചേർത്തിരിക്കുന്നത്.

3. വസ്തുനികുതി സഞ്ചയയിലെ വരവും സാംഖ്യവരവും പൊരുത്തപ്പെടുന്നില്ല.
4. കുടിശ്ശികDCB രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല..
6. Advance register -സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
7. ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല
8. സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി ഡിപ്രീസിയേഷൻ നൽകി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ വാർഷിക കണക്കിലെ B11 പത്രികയുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല.
9. നിർവഹണോദ്യോഗസ്ഥർ പഞ്ചായത്തിൽ നിന്നുള്ള വരവു ചെലവുകൾ രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
10. ബാലൻസ് ഷീറ്റിൽ "State Govt cesses /levies in property tax"(library cess) എന്ന ഇനത്തിലുള്ള തുക 88765 ഏന്നാണ് ചേർത്തിരിക്കുന്നത്. ബാലൻസ് ഷീറ്റിലെ ((വസ്തുനികുതി കുടിശ്ശിക + തൻവർഷകുടിശ്ശിക തുക) x 5)/105 വരുന്നത് 7247.3 ആണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

# അനുബന്ധം - 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

## Kottathara Grama Panchayat
## BALANCE SHEET

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 15240312.30 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 4895.00 |
| 312000000 | Reserves | B-3 | 64797082.00 |
| | **Total Reserve & Surplus** | | **80042289.30** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 35131385.00 |
| | **Total Grants, Contributions for Specific Purposes** | | **35131385.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 933950.00 |
| | **Total Loans** | | **933950.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1025287.00 |
| 350000000 | Other Liabilities | B-9 | 728583.80 |
| | **Total Current Liabilities and Provisions** | | **1753870.80** |
| | **TOTAL LIABILITIES** | | **117861495.10** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 75981554.00 |
| 411000000 | Accumulated Depreciation | B-11 | -7393116.00 |
| 412000000 | Capital Work in Progress | B-11(a) | 9365787.00 |
| | **Total Fixed Assets** | | **77954225.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 63430.10 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -9587.00 |
| 440000000 | Pre-paid Expenses | B-16 | 933950.00 |
| 450000000 | Cash and Bank Balance | B-17 | 38279004.00 |
| 460000000 | Loand, Advances and Deposits | B-18 | 640473.00 |
| | **Total Current Assets, Loans and Advances** | | **-9587.00** |



Digitally signed by Mini K
Date: 2018.05.04 15:37:4
Reason: Approval
Location: Kerala

| | | |
|---|---|---|
| | **Total Current Assets, Loans and Advances** | **39916857.10** |
| | **Other Assets** | |
| | **Miscellaneous Expenditure (To the Extent not written off)** | |
| | **TOTAL ASSETS** | **117861495.10** |

## Kottathara Grama Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 1815555.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 19200.00 |
| 140000000 | Fee & User Charges | I-4(b) | 395632.00 |
| 150000000 | Sale & Hire Charges | I-5(b) | 179530.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 106522700.00 |
| 170000000 | Income from Investments | I-7 | 27201.00 |
| 171000000 | Interest Earned | I-8 | 349743.00 |
| 180000000 | Other Income | I-9 | 126581.00 |
| | **Total Income** | | **109436142.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 8665911.00 |
| 220000000 | Administrative Expenses | I-11(b) | 970586.00 |
| 230000000 | Operations & Maintenance | I-12(b) | 505779.00 |
| 240000000 | Interest & Finance Charges | I-13 | 20286.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8877195.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 33981468.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1673396.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 25243036.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 26265760.00 |
| 255000000 | Maintenance Projects | I-14(e) | 7969562.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 24000.00 |
| | **Total Expenditure** | | **114196979.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-4760837.00** |
| 280000000 | Prior Period Item | I-18 | 251244.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-5012081.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |



Digitally signed by Mini K
Date: 2018.05.04 15:37:4
Reason: Approval
Location: Kerala

**Kottathara Grama Panchayat**
**RECEIPT & PAYMENT STATEMENT**

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 14248898.00 |
| Cash | Cash | RP-40(a) | 47099.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 329270.00 |
| 130000000 | Rental income from Panchayat Properties | RP-3 | 19200.00 |
| 140000000 | Fees & User Charges | RP-4 | 345682.00 |
| 150000000 | Sale & Hire Charges | RP-5 | 179530.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 47948691.00 |
| 171000000 | Interest Earned | RP-9 | 346917.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 59065357.00 |
| 350000000 | Other Liabilities | RP-36 | 140953.00 |
| | **Non Operating** | | |
| 170000000 | Income from Investments | RP-8 | 27201.00 |
| 180000000 | Other Income | RP-10 | 126581.00 |
| 311000000 | Earmarked Funds | RP-29 | 2750.00 |
| 340000000 | Deposits Received | RP-34 | 515056.00 |
| 350000000 | Other Liabilities | RP-36 | 270419.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1814594.00 |
| 460000000 | Loans, Advances and Deposits | RP-47 | 3000.00 |
| | **Grand total** | | **125431198.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2251363.00 |
| 220000000 | Administrative Expenses | RP-12 | 970586.00 |
| 230000000 | Operations & Maintenance | RP-13 | 505779.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5611750.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 12493426.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1673396.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 25016852.00 |



Digitally signed by Mini K.
Date: 2018.05.04 15:37:3
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 45960.00 |
| 255000000 | Maintenance Projects | RP-20 | 7969562.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 24000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1419025.00 |
| 350000000 | Other Liabilities | RP-36 | 10800619.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 20286.00 |
| 311000000 | Earmarked Funds | RP-29 | 8000.00 |
| 330000000 | Secured Loans | RP-32 | 83073.00 |
| 340000000 | Deposits Received | RP-34 | 61610.00 |
| 350000000 | Other Liabilities | RP-36 | 2503564.00 |
| 410000000 | Fixed Assets | RP-38 | 5584168.00 |
| 412000000 | Capital work in Progress | RP-40 | 9365787.00 |
| 460000000 | Loans, Advances and Deposits | RP-47 | 743388.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 38279004.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **125431198.00** |